ബി1-30277/2017 പഞ്ചായത്ത് ഡയറക്ടറേറ്റ്

തിരുവനന്തപുരം, തീയതി 18.09.2017

# സർക്കുലർ

വിഷയം:--മരണ രജിസ്ട്രേഷൻ- മരിച്ചയാളുടെ ആധാർ നമ്പർ രജിസ്ട്രേഷനിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

സൂചന:-- രജിസ്ട്രാർ ജനറൽ, ഇന്ത്യ പുറപ്പെടുവിച്ച 04.08.2017 തീയതിയിലെ 1/12/2014-VS(CRS) നമ്പർ വിജ്ഞാപനം

മരണ രജിസ്ട്രേഷനുകളിൽ മരിച്ചയാളുടെ ആധാർ നമ്പർ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് രജിസ്ട്രാർ ജനറൽ, 1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട്, വകുപ്പ് 3(3) പ്രകാരമുള്ള അധികാരം വിനിയോഗിച്ച് സൂചന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. 2016 ലെ ആധാർ ആക്ട് സെക്ഷൻ 57 പ്രകാരം ഏതൊരു നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള ഏതെങ്കിലും ആവശ്യത്തിനോ കരാറിലോ വ്യക്തികളെ തിരിച്ചറിയുന്നതിന് ആധാർ ഉപയോഗിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും ജനന-മരണ രജിസ്ട്രേഷൻ ചുമതലയുള്ള വകുപ്പുകൾ മേൽപ്പറഞ്ഞ വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾ നടപ്പാക്കേണ്ടതാണെന്നും രജിസ്ട്രാർ ജനറൽ ആവശ്യപ്പെട്ടിട്ടുള്ളതാണ്. മേൽ വിവരിച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ രജിസ്ട്രാർമാരും 2017 ഒക്ടോബർ 1 മുതൽ നടത്തുന്ന മരണ രജിസ്ട്രേഷൻ സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കേണ്ടതാണെന്ന് അറിയിക്കുന്നു

1. മരണ സർട്ടിഫിക്കറ്റിനായി സമർപ്പിക്കുന്ന അപേക്ഷയിൽ ആവശ്യമായ മറ്റു വിവരങ്ങൾക്കു പുറമെ മരിച്ചയാളെ തിരിച്ചറിയുന്നതിനായി അദ്ദേഹത്തിന്റെ ആധാർ നമ്പർ (UID) അല്ലെങ്കിൽ ആധാർ എൻറോൾമെന്റ് ഐ.ഡി. (EID) കൂടി രേഖപ്പെടുത്തേണ്ടതാണ്.
2. മരിച്ചയാളുടെ ആധാർ നമ്പർ (UID) അല്ലെങ്കിൽ എൻറോൾമെന്റ് ഐ.ഡി. (EID) സംബന്ധിച്ച വിവരം അപേക്ഷകന് അറിവില്ലെങ്കിൽ അദ്ദേഹത്തിന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം മരിച്ചയാൾക്ക് ആധാർ ഇല്ലെന്ന് വ്യക്തമാക്കുന്ന ഒരു സത്യപ്രസ്താവന വാങ്ങേണ്ടതാണ്. അതോടൊപ്പം, ഇപ്രകാരം നൽകുന്ന സത്യപ്രസ്താവന വ്യാജമാണെന്ന് ബോദ്ധ്യപ്പെട്ടാൽ ആധാർ ആക്ടും ജനന മരണ രജിസ്ട്രേഷൻ ആക്ടും അനുസരിച്ച് നടപടി സ്വീകരിക്കാവുന്നതാണെന്ന് ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്.
3. അപേക്ഷകന്റെ ആധാർ നമ്പരും മരണ സർട്ടിഫിക്കറ്റിനായുള്ള അപേക്ഷയോടൊപ്പം വാങ്ങേണ്ടതാണ്.
4. മരണ സർട്ടിഫിക്കറ്റിനായി സമർപ്പിക്കേണ്ട അപേക്ഷ സംബന്ധിച്ചോ അതിൽ ആവശ്യമായ വിവരങ്ങൾ സംബന്ധിച്ചോ നിർദ്ദേശങ്ങളൊന്നും നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 2017 ഒക്ടോബർ 1 മുതൽ സംസ്ഥാനത്തെ രജിസ്ട്രേഷൻ യൂണിറ്റുകളിൽ പ്രസ്തുത തീയതി മുതൽ നടത്തുന്ന മരണ രജിസ്ട്രേഷനുകളുടെ സർട്ടിഫിക്കറ്റിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പവും മരണ രജിസ്ട്രേഷനായി സമർപ്പിക്കുന്ന ഫാറം 2 ലുള്ള റിപ്പോർട്ടിനോടൊപ്പവും അനുബന്ധമായി ചേർത്തിട്ടുള്ള മാതൃകയിലുള്ള പ്രസ്താവന കൂടി സമർപ്പിക്കേണ്ടതാണ്.
5. മരിച്ചയാളുടെയും അപേക്ഷകന്റെയും ആധാർ വിവരങ്ങൾ ജനന മരണ രജിസ്ട്രേഷൻ ഡാറ്റാബെയ്സിന്റെ ഭാഗമാക്കേണ്ടതാണ്. ഇതിലേക്കായി സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റം വരുത്തുന്നതാണ്.

(ഒപ്പ്)

**എം.എസ്.നാരായണൻ നമ്പൂതിരി**

**ചീഫ് രജിസ്ട്രാർ (ജനന മരണം)**

എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും

എല്ലാ ജില്ലാ ജനന മരണ രജിസ്ട്രാർക്കും

പകർപ്പ്: രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ (ഉപരിപത്രം സഹിതം)

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ഉപരിപത്രം സഹിതം)

പഞ്ചായത്ത് ഡയറക്ടറുടെ മേശപ്പുറത്ത്

നഗരകാര്യ ഡയറക്ടർ (ഉപരിപത്രം സഹിതം)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഐ.കെ.എം. (ഉപരിപത്രം സഹിതം)
എല്ലാ ബ്രാഞ്ച് ഓഫീസർമാർക്കും (പഞ്ചായത്ത് ഡയറക്ടറേറ്റ്)
എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും (പഞ്ചായത്ത് ഡയറക്ടറേറ്റ്)
കരുതൽ ഫയൽ, അധികം

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**

## അനുബന്ധം

**.........................................ഗ്രാമ പഞ്ചായത്ത് / നഗരസഭ**

**മരണ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയോടൊപ്പം/മരണ റിപ്പോർട്ടിനോടൊപ്പം സമർപ്പിക്കേണ്ട വിവരങ്ങൾ**

1. മരിച്ചയാളുടെ പേര്:
2. ആധാർ (UID) /എൻറോൾമെന്റ് ഐ.ഡി. (EID) നമ്പർ ..................................................
3. അപേക്ഷകന്റെ പേര്:
4. ആധാർ (UID) /എൻറോൾമെന്റ് ഐ.ഡി. (EID) നമ്പർ ..................................................

### മരിച്ചയാളുടെ ആധാർ നമ്പർ അറിയില്ലെങ്കിൽ നൽകേണ്ട സത്യപ്രസ്താവന

.................................................................................................................. .......... (മരിച്ചയാളുടെ പേരും വിലാസവും) എന്ന വ്യക്തിക്ക് എന്റെ അറിവിലും വിശ്വാസത്തിലും ആധാർ നമ്പർ ഇല്ലെന്നും ആധാർ നമ്പരിനായി എൻറോൾ ചെയ്തിട്ടില്ലെന്നും/എന്ന വ്യക്തിയുടെ ആധാർ നമ്പർ സംബന്ധിച്ച വിവരം എനിക്ക് അറിയില്ലെന്ന് ഇതിനാൽ സത്യ പ്രസ്താവന ചെയ്യുന്നു.

അപേക്ഷകന്റെ ഒപ്പ്

പേര്

മേൽവിലാസം

### അപേക്ഷകന് ആധാർ നമ്പർ ഇല്ലെങ്കിൽ നൽകേണ്ട സത്യപ്രസ്താവന

............................................................................ (മരിച്ചയാളുടെ പേരും വിലാസവും) എന്ന വ്യക്തിയുടെ മരണം രജിസ്റ്റർ ചെയ്യുന്നതിനുള്ള വിവരം നൽകിയ / മരണ സർട്ടിഫിക്കറ്റിനായി അപേക്ഷ സമർപ്പിച്ച ................................................ (അപേക്ഷകന്റെ പേരും വിലാസവും) എന്ന എനിക്ക് ആധാർ നമ്പർ ഇല്ലെന്നും ആധാർ നമ്പരിനായി എൻറോൾ ചെയ്തിട്ടില്ലെന്നും ഇതിനാൽ സത്യ പ്രസ്താവന ചെയ്യുന്നു.

അപേക്ഷകന്റെ ഒപ്പ്

പേര്

### സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണെന്നും എന്റെയോ മരിച്ചയാളുടെയോ ആധാർ നമ്പർ സംബന്ധിച്ച് നൽകിയ വിവരങ്ങൾ വ്യാജമാണെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം 2016 ലെ ആധാർ ആക്ട് പ്രകാരവും 1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട് പ്രകാരവും ശിക്ഷാർഹമാണെന്ന് എനിക്ക് അറിവുള്ളതാണെന്നും ഇതിനാൽ സത്യ പ്രസ്താവന ചെയ്യുന്നു.

അപേക്ഷകന്റെ ഒപ്പ്

പേര്

മേൽവിലാസം